**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5134** **20-03-2025 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ റീസർവ്വെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിലെ റീസർവ്വെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഡിജിറ്റൽ സർവെയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള മണലൂർ മണ്ഡലത്തില കാരമുക്ക്, മനക്കൊടി എന്നീ വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ ബൗണ്ടറീസ് ആക്റ്റ് പ്രകാരം സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. രണ്ടാംഘട്ടത്തിൽ ഉൾപ്പട്ട ബ്രഹ്മകുളം വില്ലേജിന്റെ 90% ഫീൽഡ് ജോലികളും, ചാവക്കാട് വില്ലേജിന്റെ 2% ഫീൽഡ് ജോലികളും പൂർത്തിയായിട്ടുള്ളതുമാണ്. മണലൂർ മണ്ഡലത്തിലെ എളവള്ളി, തൈയ്ക്കാട് എന്നീ വില്ലുജുകളെ ഡിജിറ്റൽ സർവെയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പ്രാരംഭ സർവെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചെന്ന് അറിയിക്കാമോ; | (ബി) | മണലൂർ മണ്ഡലത്തിലെ ചൂണ്ടൽ,എരനെല്ലൂർ എന്നീ 2 വില്ലേജുകൾ കൺവെൻഷണൽ (ഡിജിറ്റൽ സർവെയ്ക്ക് മുമ്പ്) രീതിയിൽ റീസർവെ നടപടികൾ പൂർത്തീകരിച്ച രേഖകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.<br><br>ഡിജിറ്റൽ സർവെ പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കിയുള്ള വില്ലേജുകളുടെ സർവെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ നടപടികൾ പുരോഗമിക്കുന്നുവെന്നും പ്രസ്തുത സർവ്വെ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ; | (സി) | മണലൂർ മണ്ഡലത്തിലെ കാരമുക്ക്,മനക്കൊടി എന്നീ വില്ലേജുകളുടെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ ബൗണ്ടറീസ് ആക്റ്റ് പ്രകാരം സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ തുടരുന്നു.<br><br>മണലൂർ മണ്ഡലത്തിലെ ബ്രഹ്മകുളം, ചാവക്കാട് എന്നീ വില്ലേജുകളിൽ രണ്ടാം ഘട്ട ഡിജിറ്റൽ സർവെയിൽ ഉൾപ്പെടുത്തി സർവെ ജോലി പുരോഗതിയിലാണ്. ബ്രഹ്മകുളം വില്ലേജിന്റെ |

| | | | |
|---|---|---|---|
| | | | റീസർവെ നടപടികൾ 2025 മാർച്ച് അവസാനത്തോടെ പൂർത്തിയാക്കി 9(2) വിജ്ഞാപനം പ്രസിദ്ധീകരിക്കുവാൻ കഴിയുന്നതാണ്. ചാവക്കാട് വില്ലേജിന്റെ ഡിജിറ്റൽ സർവെ ജോലികൾ സെപ്റ്റംബർ മാസത്തിൽ പൂർത്തിയാക്കുവനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ ആരംഭിക്കാനുണ്ടെന്നും മണ്ഡലത്തിലെ മുഴുവൻ റീസർവ്വെ നടപടികളും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | മണലൂർ മണ്ഡലത്തിലെ ചിറനെല്ലൂർ, കണ്ടാണശ്ശേരി, പാവറട്ടി, വെളുത്തൂർ, പരക്കാട്, എറവ്, മണലൂർ, വാടാനപ്പിള്ളി, വെങ്കിടങ്ങ്, മുല്ലശ്ശേരി, ചൂണ്ടൽ, എരനെല്ലൂർ, ആളൂർ എന്നീ വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപടികൾ ആരംഭിച്ചിട്ടില്ല. തുടർ ഘട്ടങ്ങളിൽ ടി വില്ലേജുകൾ കൂടി ഉൾപ്പെടുത്തി ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>ആധുനിക സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഉപയോഗിച്ച് 1550 വില്ലേജുകൾ ഡിജിറ്റലായി അളന്ന് പൂർണ്ണമായും ഡിജിറ്റൽ ലാൻഡ് റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ സർവെ പദ്ധതി 4 വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ